# 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2254** **12-02-2024 - ൽ മറുപടിയ്ക്ക്**

## പെരുവള്ളൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | പെരുവള്ളൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയതിന്റെ ഭാഗമായി വന്നിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | 01.08.2021 ലെ സ.ഉ(സാധാ) നം.1633/2021/ ആ.കു.വ പ്രകാരം പെരുവള്ളൂർ സാമൂഹികാരോഗ്യകേന്ദ്രത്തിനെ ബ്ലോക്ക്തല കുടുംബാരോഗ്യകേന്ദ്രം ആക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ ബ്ലോക്ക് ഹെൽത്ത് ഗ്രാന്റ് ഫണ്ട് വഴി ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റ് ആക്കി മാറ്റുന്നതിനും പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റ് ആക്കി മാറ്റുമ്പോൾ പ്രസ്തുത സ്ഥാപനത്തിലെ ലാബ് ബ്ലോക്ക് പബ്ലിക് ഹെൽത്ത് ലാബ് ആയി മാറും. നിലവിലെ ലാബുകൾ ഹബ് ലാബായി ഉയർത്തുന്നതിന്റെ ഭാഗമായി ലാബ് നവീകരണ പ്രവർത്തനം നടക്കുന്നു. |
| (ബി) | കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയതിന്റെ ഭാഗമായി നിലവിലുള്ള സ്റ്റാഫ് പാറ്റേൺ വിപുലീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതുതായി അനുവദിച്ച തസ്തികകൾ സംബന്ധിച്ച വിശദാംശം നിലവിൽ സ്ഥാപനത്തിലുള്ള ജീവനക്കാരുടെ വിശദാംശം എന്നിവ തസ്തിക തിരിച്ച് വ്യക്തമാക്കാമോ; | (ബി) | സ്റ്റാഫ് പാറ്റേൺ മാറ്റം നിലവിൽ വന്നിട്ടില്ല. |
| (സി) | പെരുവള്ളൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയതിന്റെ ഭാഗമായി ഏതെങ്കിലും തരത്തിലുള്ള ധനസഹായം സർക്കാർ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പെരുവള്ളൂർ സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്ന നവീകരണ പ്രവർത്തനങ്ങൾക്ക് 35 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത ഫണ്ട് അപര്യാപ്തമായതിനാൽ പുതിയ കെട്ടിട നിർമ്മാണത്തിനായി പതിനഞ്ചാം ധനകാര്യകമ്മീഷനിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഹബ് ലാബ് നവീകരണത്തിനായി 27.57 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ